## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**5368** **23.05.2017** -ൽ മറുപടിക്ക്

### ഓരോ ജില്ലയിലും ചരിത്ര മ്യൂസിയം

**ചോദ്യം**

ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു.മ്യൂസിയവും തുറമുഖവും
പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഓരോ ജില്ലയിലും ഓരോ ചരിത്ര മ്യൂസിയം സ്ഥാപിയ്ക്കുന്നതിന് ആലോചിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ; | (എ), (ബി) & (സി) | എല്ലാ ജില്ലകളിലും പുരാവസ്തു വകുപ്പിന്റെ കീഴിൽ ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിന്റെ ആദ്യപടിയായി 8 ജില്ലകളിൽ മ്യൂസിയം സജ്ജീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതും 7 ജില്ലകളിൽ മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയുമാണ്. മറ്റ് ജില്ലകളിൽ അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ഓരോ ജില്ലയുടേയും വ്യത്യസ്തമായ സവിശേഷതകൾ നിറഞ്ഞ ചരിത്ര സാംസ്കാരിക പൈതൃകത്തിന് പ്രാധാന്യം നൽകിക്കൊണ്ട് നമ്മുടെ പൈതൃകത്തിന്റേയും ചരിത്ര ത്തിന്റേയും ശേഷിപ്പുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ഭാവിതലമുറയ്ക്ക് മനസിലാകുന്ന രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടി നൂറ്റാണ്ടുകൾ പഴക്കമുള്ള നാണയങ്ങൾ, പുരാവസ്തുക്കൾ എന്നിവ പരിരക്ഷിച്ച് ശാസ്ത്രീയമായ രീതിയിലുള്ള |
| (ബി) | പ്രസ്തുത രീതിയിൽ ചരിത്ര മ്യൂസിയങ്ങൾ സ്ഥാപിയ്ക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വ്യക്തമാക്കുമോ ; | | |
| (സി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ ? | | |

| | | | |
|---|---|---|---|
| | | | സജ്ജീകരണങ്ങളോടുകൂടി മതിയായ സുരക്ഷ ഉറപ്പു വരുത്തി മ്യൂസിയം സജ്ജീകരിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**